## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 36      6.3.2012-ൽ മറുപടിക്ക്.

### പാലക്കാട് കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ.എ.കെ. ബാലൻ:<br>ശ്രീ.എം. ഹംസ:<br>ശ്രീ.കെ. സുരേഷ് കുറുപ്പ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് കോച്ച് ഫാക്ടറി, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ, പൊതുമേഖലയിൽ നടപ്പിലാക്കണമെന്ന മുൻസർക്കാരിന്റെ തീരുമാനത്തിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട്. പാലക്കാട് റയിൽ കോച്ച് ഫാക്ടറി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് 19.5.2010 ലെ മന്ത്രിസഭാ യോഗത്തിൽ പാലക്കാട് റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖലാ സ്ഥാപനമായി നിലനിർത്തേണ്ടാതാണെന്നും ഭാവിയിൽ അത് ഒരു സംയുക്ത സംരംഭമായി മാറ്റേണ്ട സാഹചര്യമുണ്ടായാൽ സംസ്ഥാന സർക്കാർ ലഭ്യമാക്കുന്ന സ്ഥലത്തിന്റെ വില ഇക്വിറ്റിയായി കണക്കാക്കണമെന്ന നിബന്ധനയോടു കൂടിയും തീരുമാനിച്ച് മുൻ സർക്കാർ കേന്ദ്ര സർക്കാരിനെ 21.05.2010 ന് അറിയിച്ചു.<br>20.1.2011 ലെ മന്ത്രിസഭായോഗത്തിൽ പദ്ധതി ഒരു സർക്കാർ പൊതുമേഖലാ സ്ഥാപനവുമായി ചേർന്നുള്ള സംയുക്തസംരംഭമായി നടപ്പിലാക്കുകയാണെങ്കിൽ ഭൂമി 4% പാട്ടനിരക്കിൽ നല്ലാവുന്നതാണെന്ന് തീരുമാനിച്ച് മുൻസർക്കാർ |

| | | | |
|---|---|---|---|
| | | | 22.1.2011 ന് കേന്ദ്ര സർക്കാരിനെ അറിയിച്ചു.<br>23.02.2011 ലെ മന്ത്രിസഭാ യോഗത്തിൽ കൂട്ടസംരഭത്തിൽ സ്വകാര്യ സംരഭകൻ ഉൾപ്പെടെ മറ്റാരുമായിട്ടാണെങ്കിൽ പാട്ടം ആരംഭിച്ച ശേഷം ഓരോ പത്ത് കൊല്ലത്തിലൊരിക്കൽ പുതുക്കുമെന്ന വ്യവസ്ഥയോടെ ഭൂമിയുടെ കമ്പോള വിലയുടെ (ഇപ്പോൾ 60.6345 കോടി രൂപയെന്ന് കണക്കാക്കപ്പെട്ടത്). 8% പാട്ട വാടകയായി നിശ്ചയിച്ച് പദ്ധതി നടത്തിപ്പിനായുള്ള ജോയിന്റ് വെഞ്ച്വറിന് ഭൂമി ഉപപാട്ടത്തിന് നല്കുവാനുള്ള സ്വതന്ത്ര്യത്തോടുകൂടി 90 കൊല്ലത്തേക്ക് കേന്ദ്ര റയിൽ മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ ഭൂമി പാട്ടത്തിന് നല്കാവുന്നതാണ് എന്ന് തീരുമാനിച്ച് മുൻസർക്കാർ 28.2.2011 ന് കേന്ദ്ര സർക്കാരിനെ അറിയിച്ചു.<br>ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സർക്കാരും പദ്ധതിക്ക് അംഗീകാരം നല്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടു വന്നിരുന്നത്. തുടർന്ന് 12.1.2012 ലെ കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുമായി സംസ്ഥാന ചീഫ് സെക്രട്ടറി, റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നടത്തിയ വീഡിയോ കോൺഫറൻസിൽ റയിൽവേ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരഭമായി നടത്തുന്നതിനായി ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റയിൽവേ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുകയും , 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കൈമാറാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേന്ദ്രവുമായി ഇക്കാര്യത്തിൽ എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിരുന്നോ; എങ്കിൽ അവയുടെ പകർപ്പ് നൽകാമോ; | (ബി) | ഉണ്ട്. കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്. |
| (സി) | കോച്ച് ഫാക്ടറി സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നു; | (സി) | ഇല്ല. |
| (ഡി) | തുടക്കത്തിൽ 5000 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിച്ച ഈ പദ്ധതി 500 കോടി രൂപയുടേതായി വെട്ടിച്ചുരുക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | പദ്ധതിയുടെ അടങ്കൽ തുക എത്രയായിരിക്കുമെന്നും പദ്ധതിയിൽ സംസ്ഥാനസർക്കാരിന്റെ ഓഹരി പങ്കാളിത്തത്തെക്കുറിച്ചും അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. 239 ഏക്കർ സ്ഥലം വിലക്കെടുത്ത് പദ്ധതി തുടങ്ങാനുള്ള കേന്ദ്രനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ ഓഹരി പങ്കാളിത്തത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. |
| (ഇ) | സംസ്ഥാന സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയുടെ വില കണക്കാക്കി സംസ്ഥാനത്തിന് ഓഹരി പങ്കാളിത്തം വേണമെന്ന ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്